**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പൊതുമരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് അധിക നിരക്ക് നൽകൽ – അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ(എം.എസ്) നമ്പർ. 278/2008/തസ്വഭവ തിരുവനന്തപുരം, തീയതി: 23.10.2008

പരാമർശം : 1) സ.ഉ.(എം.എസ്)നം.122/2008/തസ്വഭവ; തീയതി: 28.04.2008
2) സ.ഉ.(സാധാ) നം.2927/2008/തസ്വഭവ;തീയതി : 28.07.2008
3) സ.ഉ.(സാധാ) നം 3030/2008/തസ്വഭവ; തീയതി: 06.08.2008
4) സ.ഉ.(എം.എസ്) നം.275/2008/തസ്വഭവ; തീയതി: 13.10.2008

**ഉത്തരവ്**

2008–ലെ ഷെഡ്യൂൾ നിരക്കുകളെ ആധാരമാക്കി തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ 01.04.2008 മുതൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കി വരുന്നത്. എന്നാൽ ടാർ, സിമെന്റ്, കമ്പി എന്നീ നിർമ്മാണ സാമഗ്രികളുടെ വിലയിൽ വർദ്ധനവ് ഉണ്ടായതുകാരണം മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് 2008–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക്, ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, അധിക നിരക്ക് (ടെൻഡർ എക്സസ്) അനുവദിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(1) ടാർ, സിമെന്റ്, കമ്പി എന്നീ നിർമ്മാണ സാമഗ്രികൾ ആവശ്യമുള്ള പ്രവൃത്തികൾക്ക് മാത്രമേ ടെൻഡർ എക്സസ് അനുവദിക്കുവാൻ പാടുള്ളൂ. എന്നാൽ ഇപ്രകാരം ഒരു പ്രവൃത്തിക്ക് അനുവദിക്കുന്ന ടെൻഡർ എക്സസ്, ആ പ്രവൃത്തിക്ക് ആവശ്യമായ ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് 2008–ലെ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വിലയും പ്രവൃത്തി നടപ്പാക്കുവാൻ കരാറിൽ ഏർപ്പെടുന്ന ദിവസത്തെ വിപണി വിലയും തമ്മിലുള്ള വ്യത്യാസത്തെക്കാൾ അധികമാകാൻ പാടില്ല. ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള അധിക നിരക്ക് (quoted tender excess), ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വിലയും വിപണി വിലയും തമ്മിലുള്ള വ്യത്യാസത്തെക്കാൾ കുറവാണെങ്കിൽ ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള അധിക നിരക്ക് മാത്രമേ ടെൻഡർ എക്സസ് ആയി അനുവദിക്കാൻ പാടുള്ളൂ.

(2) സിമെന്റ്, കമ്പി, ടാർ എന്നിവയ്ക്ക് യഥാക്രമം മലബാർ സിമെന്റ്സ് ലിമിറ്റഡ് പാലക്കാട്, സ്റ്റീൽ അതോറിട്ടി ഓഫ് ഇന്ത്യാ ലിമിറ്റഡ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന വിലകളാണ് അതത് ദിവസത്തെ വിപണിവിലയായി തദ്ദേശഭരണസ്ഥാപനങ്ങൾ കണക്കിലെടുക്കേണ്ടത്.

(3) ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്കുശേഷം ടെൻഡർ ചെയ്യുന്ന പ്രവൃത്തികൾക്ക് മാത്രമേ ഇപ്രകാരം ടെൻഡർ എക്സസ് അനുവദിക്കാൻ പാടുള്ളൂ. അധിക നിരക്ക് അനുവദിക്കുന്നതാണെങ്കിൽ ടെൻഡർ പരസ്യത്തിൽ തന്നെ അക്കാര്യം വ്യക്തമാക്കുകയും കരാറിൽ വ്യവസ്ഥ ചെയ്യുകയും വേണം. അപ്രകാരമല്ലാതെയുള്ള പ്രവൃത്തികൾക്ക് ടെൻഡർ എക്സസ് അനുവദനീയമല്ല.

(4) ഗുണഭോക്തൃ സമിതികൾ, അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും ഈ ഉത്തരവ് പ്രകാരമുള്ള ടെൻഡർ എക്സസ് അനുവദിക്കാവുന്നതാണ്.

(5) 10 ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നും ടാർ വാങ്ങി നൽകുവാൻ പരാമർശം നാല് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച 13.10.2008–നുശേഷം ടെൻഡർ ചെയ്യുന്ന പ്രവൃത്തി കൾക്ക് മാത്രമേ ആ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടാർ വാങ്ങി നൽകുവാൻ പാടുള്ളൂ. ടാർ വാങ്ങി നൽകുന്നതാണെങ്കിൽ ടെൻഡർ പരസ്യത്തിൽ തന്നെ അക്കാര്യം വ്യക്തമാക്കുകയും കരാറിൽ വ്യവസ്ഥ ചെയ്യുകയും വേണം. അപ്രകാരമല്ലാതെയുള്ള പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകാൻ പാടില്ല. ഗുണഭോക്തൃ സമിതികൾ, അക്രഡിറ്റഡ് ഏജൻസികൾ എന്നിവ മുഖേന നടപ്പാക്കുന്ന റോഡ് പ്രവൃത്തികളിൽ 10 ടണ്ണിൽ കുറവ് ടാർ അവശ്യമുള്ള പ്രവൃത്തികൾക്കും ടാർ വാങ്ങി നൽകാവുന്നതാണ്.

(6) സിമെന്റ്, കമ്പി, ടാർ എന്നിവയ്ക്ക് അധിക വില അനുവദിക്കുന്ന സംഗതികളിൽ കരാറുകാരനിൽ/അക്രഡിറ്റഡ് ഏജൻസിയിൽ/ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും ഒർജിനൽ ബില്ല് വാങ്ങി ബന്ധപ്പെട്ട പ്രോജക്ട് രേഖയോടൊപ്പം തദ്ദേശഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. ഈ ഉത്തരവിലെയും പരാമർശം നാല് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനം ടാർ വിലയ്ക്ക് വാങ്ങി നൽകുന്ന സംഗതിയിലും പ്രോജക്ട് രേഖയോടൊപ്പം ഒർജിനൽ ബില്ല് സൂക്ഷിക്കേണ്ടതാണ്.

(7) ഒരു പൊതുമരാമത്ത് പ്രവൃത്തിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ലഭിച്ചതിൽ കൂടുതൽ തുകയ്ക്ക് സാങ്കേതികാനുമതി ലഭിക്കുകയോ 10 ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുകയോ ടാർ, സിമെന്റ്, കമ്പി എന്നിവയ്ക്ക് അധിക നിരക്ക് അനുവദിക്കുകയോ ചെയ്യുന്ന സംഗതികളിൽ തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അധിക തുക കണ്ടെത്തി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതും നടപടി ഉത്തരവിൽ ഉൾപ്പെടുത്തു ന്നതിനായി ഭേദഗതിയുടെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മേഖലാ വകയിരുത്തൽ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ ഇപ്രകാരം വാർഷിക പദ്ധതി ഭേദഗതി ചെയ്യാൻ പാടുള്ളൂ. അതായത് പശ്ചാത്തല മേഖലയിലെ ഒരു പ്രവൃത്തിക്ക് പശ്ചാത്തല മേഖലയിലെ പ്രോജക്ടുകൾ പുനഃക്രമീകരിച്ച് വിഹിതം കണ്ടെത്തണം. സേവന മേഖലയിലെ പ്രവൃത്തിക്ക് സേവന മേഖലയിൽ നിന്നോ പശ്ചാത്തല മേഖലയിൽ നിന്നോ വിഹിതം കണ്ടെത്താ വുന്നതാണ്. ഉത്പാദന മേഖലയിലെ പ്രവൃത്തിക്ക് ഏത് മേഖലയിൽ നിന്നും വിഹിതം കണ്ടെത്താവുന്നതാണ്. ഇപ്രകാരം വിഹിതം കണ്ടെത്തുന്നതിനായി അംഗീകരിച്ച പ്രോജക്ടുകൾ ഉപേക്ഷിക്കുകയോ അംഗീകരിച്ച പ്രോജക്ടു കളുടെ വിഹിതത്തിൽ കുറവു വരുത്തുകയോ ചെയ്യാവുന്നതാണ്.

നടപടി ഉത്തരവ് ഭേദഗതി ചെയ്യുന്നതിനുവേണ്ടി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന നിർദ്ദേശങ്ങളോടൊപ്പം വാർഷിക പദ്ധതി ഭേദഗതി യുടെ വിവരങ്ങൾ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡാറ്റാ എൻട്രി ചെയ്തതിന്റെ സി.ഡി.കൂടി സമർപ്പിക്കണം. മുകളിൽ സൂചിപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ ഭേദഗതിയുടെ വിവരങ്ങൾ കമ്പ്യൂട്ടർ ആപ്ലിക്കേ ഷനിൽ ഡാറ്റാ എൻട്രി ചെയ്യാൻ കഴിയുകയുള്ളൂ. അതായത് 2008–09 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത് പ്രകാരം ഉത്പാദന മേഖല, വനിതാ ഘടക പദ്ധതി, ശിശുക്കൾ വൃദ്ധർ വികലാംഗർ എന്നിവരുടെ പ്രത്യേക പദ്ധതി, അനിവാര്യ പരിപാടികൾ മുതലായവയ്ക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ കുറയാനോ പശ്ചാത്തല മേഖലയിൽ വകയിരുത്തിയിട്ടുള്ള തുകയിൽ കൂടാനോ പാടില്ല. മെയിന്റനൻസ് ഫണ്ടിനെ സംബന്ധിച്ചിടത്തോളം റോഡിതര ഫണ്ട് റോഡ് വിഭാഗത്തി ലേയ്ക്ക് വകമാറ്റാൻ പാടില്ല.

(8) മുകളിൽ സൂചിപ്പിച്ച ഭേദഗതികളല്ലാതെ മറ്റൊരു തരത്തിലുള്ള ഭേദഗതിയും 2008–09 വാർഷിക പദ്ധതിക്ക് അനുവദനീയമല്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഉപേക്ഷിച്ച് പകരം പ്രോജക്ടുകൾ ഏറ്റെടുക്കാനോ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ തമ്മിൽ ഭേദഗതി ചെയ്യാനോ പാടില്ല. ഈ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ നിയന്ത്രണ സംവിധാന ങ്ങൾ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഉണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. മുഖ്യ നഗരാസൂത്രകൻ
13. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
19. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി (ജില്ലാ കളക്ടർമാർ) മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്
25. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
29. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
31. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ